


▶ എടത്തല അൽ അമീൻ കോളേജിന്റെ നേതൃത്വത്തിൽ നടന്ന പച്ചമരുന്ന് വിതരണം 'കുറുന്തോട്ടി' സാമൂഹിക പ്രവർത്തക ദയാബായി ഉദ്ഘാടനം ചെയ്യുന്നു

# വിദ്യാർഥികളുമായി സംവദിച്ച് ദയാബായി

## പച്ചമരുന്ന് വിപണനം ,'കുറുന്തോട്ടി'ക്ക് തുടക്കം

**ആലുവ ▸** നിരാലംബരായ ആദിവാസി ഗോത്ര വിഭാഗക്കാരോട് ചേർന്ന് പ്രവർത്തിക്കണമെന്ന ആഗ്രഹം ചെറുപ്പംമുതലേ ഉണ്ടായിരുന്നുവെന്ന് പ്രശസ്ത സാമൂഹിക പ്രവർത്തക ദയാബായ് പറഞ്ഞു. സ്വയംതേടിയുള്ള യാത്രയിൽ കന്യാസ്ത്രീമഠത്തിൽ നിന്നിറങ്ങിയതോടെയാണ് ആദിവാസി മേഖലയിൽ പ്രവർത്തിക്കാൻ തന്നെ പ്രാപ്തയാക്കിയതെന്നും അവർ പറഞ്ഞു. എൻഡോസൾഫാൻ മേഖലയിൽ കുരുന്നുകൾ ഉൾപ്പെടെ ദുരിതജീവിതമാണ് നയിക്കുന്നതെന്നും അവർ കൂട്ടിച്ചേർത്തു.

പരമ്പരാഗതമായി പച്ചമരുന്ന് ശേഖരിക്കുന്നവരെ സഹായിക്കുന്നതിനായി എടത്തല അൽ അമീൻ കോളേജ് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'കുറുന്തോട്ടി'. പച്ചമരുന്ന് ശേഖരിക്കുന്ന ഉള്ളാട സമുദായത്തിൽ പെടുന്നവരാണ് സഹായമൊരുക്കുന്നത്. ഇടനിലക്കാരുടെ ചൂഷണം മൂലം ഇവർ ശേഖരിക്കുന്ന മരുന്നുചെടികൾക്ക് വേണ്ടത്ര വില ലഭിക്കാറില്ല. ആയുർവേദ മരുന്ന് നിർമാതാക്കൾക്ക് നേരിട്ട് മരുന്നുചെടികളും വേരുകളും നൽകാൻ അവസരം ഒരുക്കുകയാണ് 'കുറുന്തോട്ടി'യിലൂടെ.

എൻഡോസൾഫാൻ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനവും ദയാബായിയുടെ തെരുവുനാടകവും അരങ്ങേറി. വിദ്യാർഥികളുമായി ദയാബായി സംവദിച്ചു.

പ്രിൻസിപ്പൽ പ്രൊഫ. എം.ബി. ശശിധരൻ അധ്യക്ഷനായി. ഡോ. സിനി കുര്യൻ, പ്രൊഫ. കെ.ആർ. ഡാലി, പ്രൊഫ. അബ്ദുൾ സലാം, ലൈബ്രേറിയൻ അമ്പിളി, അധ്യാപികമാരായ പാർവതി രഞ്ജിത്ത്, ശാലിനി എന്നിവർ സംസാരിച്ചു. നൂറോളം വ്യത്യസ്തങ്ങളായ പരമ്പരാഗത പച്ചമരുന്നുകളുടെ പ്രദർശനം നടത്തി. ദയാബായിയുടെ ജീവിതത്തെ അസ്പദമാക്കി സംഘടിപ്പിച്ച ക്വിസ് മത്സര വിജയികൾക്ക് സമ്മാനദാനവും ഉണ്ടായിരുന്നു.

Scanned by CamScanner